REASON FOR APPOINTING MR. M. M. VARKEY OVERLOOKING THE SERVICES OF OTHERS

80. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ഇപ്പോൾ ഡിസ്ട്രിക്ട് ജഡ്ജിയായി ആക്ട് ചെയ്യുന്ന മിസ്റ്റർ എം. എം. വർക്കിയെ, പലരുടേയും സീനിയോറിറ്റി പ്രകാരമുള്ള അവകാശങ്ങളെ അവഗണിച്ചു് ഡിസ്ട്രിക്ട് ജഡ്ജിസ്റ്റേട്ടായി നിയമിക്കുവാൻ വല്ല പ്രത്യേക കാരണങ്ങളും ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം?

റാവു സാഹിബു് എ. മാധവ പ്രഭു: (എ) മിസ്റ്റർ വർക്കിയുടെ നിയമനം ബാറിൽനിന്നും നേരിട്ടുചെയ്ത താൽക്കാലികമായിരുന്നു. ആ നിയമനം നടത്തിയ അവസരത്തിൽ സീനിയോറിറ്റിയിൽ ഉള്ളവരുടെ കാര്യം ഗവണ്മെണ്ടു പരിഗണിച്ചിട്ടുണ്ടു്.

(ബി) മേൽ ഉത്തരംകൊണ്ടു് ഉത്തരം ആവശ്യമില്ല.

SUB-DEPOT KEEPER—T. G. THOMAS (NARAKKAL)—TRANSFER OF—DETAILS REGARDING

81. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി നൽകുമോ.—

(എ) ഞാറക്കൽ സബ്ഡിപ്പോ കീപ്പറായിരുന്ന മിസ്റ്റർ ടി. ജി. തോമാസ്സിനെ അവിടെനിന്നും സ്ഥലം മാറ്റം ചെയ്തതു് എന്തു്;

ഏതെങ്കിലും ഉദ്യോഗസ്ഥൻ രേഖാമൂലമായൊ അല്ലാതെയൊ ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) മിസ്റ്റർ തോമാസ്സിനെ അവിടെനിന്നു മാറ്റിയതിനുശേഷം ആരെയെല്ലാം അവിടെ ഡിപ്പോകീപ്പറായും ഡിപ്പോ കീപ്പർ ഇൻചാർജ്ജായും നിയമിച്ചിട്ടുണ്ടു്;

(സി) അവരോരോത്തരും എത്രകാലം അവിടെ ജോലിയിൽ ഇരുന്നിട്ടുണ്ടു്;

(ഡി) അവരിൽ ആരെയെല്ലാം സസ്പെണ്ടു് ചെയ്തു;

(ഇ) സസ്പെൻഡുചെയ്ത ഓരോരുത്തരുടേയും സസ്പെൻഷൻ കാലത്തിൽ എ. എസ്സ്. ഒ. യുടെ ശുപാർശ എന്തു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: (എ) വ— ഴ—ഡ ൾ.

ഇല്ല.

(ബി) (ക) മിസ്റ്റർ എൻ. ആർ. കുഞ്ഞൻ (ഡപ്പോകീപ്പർ).
(ഖ) കെ. ഐ. വിശ്വംഭരൻ(ഡെപ്പോകീപ്പർ-ഇൻ-ചാർജ്ജു്).
(ഗ) പി. കെ. കേശവൻ (ഡെപ്പോകീപ്പർ).
(ഘ) കെ. കെ. ചാത്തൻ (ചാർജ്ജു്).
(ങ) സി. വി. ജോസഫു് (ഡെപ്പോകീപ്പർ).
(ച) വി. ജി. ശങ്കരൻ (ചാർജ്ജു്).

(സി) (ക) ക ര— ഴ—ഡ ക മുതൽ ന ക—വ—ഡ ക വരെ.
(ഖ) ക—ന്—ഡ ക മുതൽ ഡ വ—ക ഠ —ഡ ക വരെ.
(ഗ) ഡ ന്—ക ഠ—ഡ ക മുതൽ ക ഠ—കഡ—ഡ ക വരെ.
(ഘ) ക ക—കഡ—ഡ ക മുതൽ ഡ ഠ—ന—ഡ ഡ വരെ.
(ങ) ഡ ക—ന—ഡഡ മുതൽ ഴ—ന്—ഡ ഡ വരെ.
(ച) വ—ന്—ഡ ഡ മുതൽ.

(ഡി) (ക) എൻ. ആർ. കുഞ്ഞൻ.
(ഖ) പി. കെ. കേശവൻ.
(ഗ) കെ. കെ. ചാത്തൻ.
(ഘ) സി. വി. ജോസഫു്.

(ഇ) എ. എസ്സ്. ഒ. യിന്റെ റിപ്പോർട്ടിൽ അടങ്ങിയിട്ടുള്ള ശുപാർശ രഹസ്യമായതുകൊണ്ടു് പരസ്യപ്പെടുത്തുവാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly